## മത്സ്യത്തൊഴിലാളികൾക്കുള്ള പരിശീലന പരിപാടി

ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പരിശീലന പരിപാടിയിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള10 -ാം തരം പാസായ 20 നും 45 നും മദ്ധ്യേ പ്രായമുള്ള വരായിരിക്കണം അപേക്ഷകർ. വിവിധ മത്സ്യബന്ധന രീതികൾ, മത്സ്യബന്ധന ഉപകരണങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, നാവിഗേഷൻ & സീമെൻഷിപ്പ് എന്നീ വിഷയങ്ങളിലായിരിക്കും പരിശീലനം. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിലും കേന്ദ്ര ഗവ. സ്ഥാപനങ്ങളിലുമായിരിക്കും പരിശീലനം നൽകുന്നത്. പരിശീലന കാലാവധി 6 ദിവസമായിരിക്കും. പരിശീലനാർ ത്ഥികൾക്ക് പരിശീലന ദിനങ്ങളിൽ 500 രൂപ സ്റ്റൈപ്പന്റ്, യാത്രാ ബത്ത, ഭക്ഷണം, താമസ സൗകര്യം എന്നിവ നൽകുന്നതായിരിക്കും. താൽപര്യമുള്ള പരിശീലനാർത്ഥികൾ **നവംബർ 15** ന് മുമ്പ് ആലുവ കിഴക്കേ കടുങ്ങല്ലൂരിലുള്ള ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പർ - 0484 2604176.

ഫിഷറീസ് ജോയിന്റ് ഡയറക്ടർ
(ട്രെയിനിംഗ്) ഈസ്റ്റ് കടുങ്ങല്ലൂർ